പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 935 02.12.2015-ൽ മറുപടിക്ക്

## ജലനിധി രണ്ടാംഘട്ടം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>,, കെ.ശിവദാസൻ നായർ<br>,, എം.എ. വാഹീദ്<br>,, ടി.എൻ. പ്രതാപൻ : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ. 1022 കോടി രൂപ മുതൽ മുടക്കി 2012-17 കാലയളവിൽ ഗ്രാമ പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| ബി. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | ബി. ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം ഗ്രാമീണ ജനതയ്ക്ക് സുരക്ഷിതമായ കുടിവെള്ളവും, 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| സി | പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | സി | അഞ്ചര വർഷം കൊണ്ട് പൂർത്തിയാക്കേണ്ട ജലനിധി രണ്ടാംഘട്ട പദ്ധതി മൂന്ന് ബാച്ചുകളിലായി തിരിച്ചിരിക്കുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ ജില്ലകളിൽ നിന്നുമുള്ള ഗ്രാമ പഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർ ഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ, എന്നീ ജില്ലകളിലെ തെരെഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതികൾ സുഗമമായി നടപ്പാക്കാൻ ആദ്യ ബാച്ചിൽ 20 പഞ്ചായത്തുകളിലും, രണ്ടാം ബാച്ചിൽ 74 പഞ്ചായത്തുകളിലും മൂന്നാം ബാച്ചിൽ 21 പഞ്ചായത്തുകളിലുമാണ് പദ്ധതികൾ നടപ്പാക്കുന്നത്. ആദ്യ ബാച്ചിലുള്ള പദ്ധതികൾ പൂർത്തീകരണഘട്ടത്തിലും, രണ്ടാം ബാച്ചിലുള്ള പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലും, മൂന്നാം ബാച്ചിലുള്ള പദ്ധതികൾ ആസൂത്രണ ഘട്ടത്തിലുമാണ്. |

സെക്ഷൻ ഓഫീസർ